പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2017 | 01.02.2018 ൽ മറുപടിക്ക്

## റോഡ് അപകടങ്ങൾ കുറയ്ക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് : | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) റോഡ് അപകടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശം പ്രകാരം റോഡപകടനിരക്ക് 10% ആയി കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നൽകിയിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എല്ലാ മാസവും യോഗം ചേരാനും റിപ്പോർട്ട് നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 159 എണ്ണം ദേശീയപാതയിലും ശേഷിച്ച 116 എണ്ണം ഇതര പാതകളിലുമാണ്. ദേശീയപാതകളിലുൾപ്പെടുന്ന ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനത്തിനായി പൊതുമരാമത്ത് വകുപ്പ് കേന്ദ്രഗതാഗത മന്ത്രാലയത്തിന്റെ സഹായം തേടിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിൽ ഉൾപ്പെടാത്ത 116 എണ്ണത്തിൽ മുൻഗണനാക്രമം നൽകി 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന - പോലീസ് - പൊതുമരാമത്ത് |

| | | |
|---|---|---|
| | | വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പരിശോധന നടത്തി വരുന്നു. <br> വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി മൊബൈൽ ഇന്റർസെപ്റ്റർ ഉപയോഗിച്ച് പരിശോധന നടത്തി വരുന്നു. മാത്രമല്ല അമിതവേഗത കണ്ടു പിടിക്കുന്നതിനായി പോലീസും മോട്ടോർ വാഹന വകുപ്പും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അമിതവേഗത കണ്ടുപിടിക്കപ്പെടുന്ന കേസുകളിൽ ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ ലൈസൻസുകൾ റദ്ദാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് മൂലം റോഡ് അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ബി) സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോ തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കനുസരിച്ച് റോഡപകടങ്ങളുടെ എണ്ണം 2016 ൽ 39420 ആയിരുന്നത് 2017- ൽ 38486 ആയി കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ